കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെലിക്കൺ ബയോടെക് & കെമിക്കൽ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്ന പെൽറിച്ച് കംപോസോർബ് എന്ന ഇനോകുലം വാങ്ങി ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്കുകൂടി അനുമതി പുതുക്കി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം. 1478/2016/തസ്വഭവ — തിരുവനന്തപുരം, തീയതി 18.04.2016

---

പരാമർശം - (1) സ.ഉ.(സാധാ) നം.1946/2012/തസ്വഭവ തീയതി 13/7/2012.

(2) സ.ഉ.(സാധാ) നം.2291/2013/തസ്വഭവ തീയതി 10/9/2013.

(3) സ.ഉ.(സാധാ) നം.3050/2015/തസ്വഭവ തീയതി 03/10/2015.

(4) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/1/2016-ലെ 171/സി2/2008/എസ്.എം. നമ്പർ കത്ത്.

## ഉത്തരവ്

പെലിക്കൺ ബയോടെക് & കെമിക്കൽ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഉത്പാദിപ്പിക്കുന്ന പെൽറിച്ച് കംപോസോർബ് എന്ന ഇനോകുലം കമ്പോസ്റ്റിംഗിനായി ഉപയോഗിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന കാലാവധി 21/11/2014-ന് അവസാനിച്ചതിനെ തുടർന്ന് ഇതിന്റെ കാര്യക്ഷമത പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 21/11/2015- വരെ ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി പുതുക്കി നൽകിയിരുന്നു. പ്രസ്തുത കാലയളവ് അവസാനിച്ചതിനെ തുടർന്ന് ഒരു വർഷത്തേയ്ക്കുകൂടി അംഗീകാരം പുതുക്കി നൽകണമെന്നും ടി ഉല്പന്നത്തിന്റെ വില പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ തുകയായി നിജപ്പെടുത്തിയും ഉത്തരവാകണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. പെൽറിച്ച് കംപോസോർബ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഉല്പന്നത്തിന് പെൽഗ്രീൻ കംപോസോർബ് എന്ന പേരിലാണ് ഇപ്പോൾ ട്രേഡ് മാർക്ക് ഓഫീസ് അനുമതി നൽകിയിട്ടുള്ളതെന്നും, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൽഗ്രീൻ കംപോസോർബ് എന്ന് പുനർനാമകരണം ചെയ്ത ഇനോകുലം വാങ്ങി ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്കുകൂടി അനുമതി നൽകിക്കൊണ്ടും ടി ഉല്പന്നത്തിന്റെ വില പരാമർശം (2)-ലെ ഉത്തരവ് പ്രകാരം നിജപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ്. സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷനുകൾക്കും/മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ പഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ
പെലിക്കൺ ബയോടെക് & കെമിക്കൽ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ മുഖാന്തിരം)
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ